നമ്പർ ജി 4-41634/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി 27/12/2016
ഫോൺ : 0471 2303107

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് കോളേജ് ഡിപ്പാർട്ട്മെന്റ് ജീവനക്കാർ ലാബ് ജോലിയിൽ നിന്നും മാറ്റി സ്ഥിരമായി മറ്റ് ജോലിക്ക് നിയോഗിക്കുന്നത്/ കൃത്യ വിലോപത്തിൽ ഏർപ്പെടുന്നത് - കർശന നടപടി നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- ജി.ഒ.(എം.എസ്)നം. 150/2014/ഉ.വി.വ. തീയതി 27/3/2014.

-------------

സർക്കാർ/എയ്ഡഡ് കോളേജുകളിലെ വകുപ്പ് തലവന്മാരുടെ ചുമതലകൾ സംബന്ധിച്ച് മേൽ സൂചന സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാ കോളേജ് പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ എയ്ഡഡ് കോളേജുകളിലെ ലബോറട്ടറി ജീവനക്കാരെ സ്ഥിരമായി മറ്റ് ജോലികൾക്ക് മാറ്റി നിയമിക്കുന്നതായും, പ്രസ്തുത ജീവനക്കാരുടെ അറ്റന്റൻസ്, ലീവ് സംബന്ധിയായ കാര്യങ്ങൾ വകുപ്പ് തലവന്മാർ അറിയാതെ ചെയ്യുന്നതായും മറ്റുമുള്ള പരാതികൾ ലഭിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ മേൽ സൂചന സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് സ്ഥാപന മേധാവികൾ ഉറപ്പു വരുത്തേണ്ടതും ആയതിന് വകുപ്പ് തലവന്മാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാത്തത് മൂലമുള്ള വീഴ്ചകൾക്ക് സ്ഥാപന മേധാവി ഉത്തരവാദിയായിരിക്കുമെന്നും അറിയിക്കുന്നു.

AD

ഡോ. എ.എൻ. പത്മകുമാരി
അഡീഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്- എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

ജയ./28/12/16